121 (287) സഹകരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾക്കുവേണ്ടി ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ടി ഒരു സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പു കമ്മീഷൻ രൂപീകരിക്കുവാൻ 1999 ലെ കേരള സഹകരണസംഘം ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

122 (288) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗ നിയമനങ്ങൾ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗ നിയമനങ്ങൾ നടത്തുന്നതിൽനിന്നും സംഘങ്ങളെ വിലക്കിയിട്ടുണ്ടോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിന് നടപടി സ്വീകരിച്ചുണ്ടോ;

(സി) നിയന്ത്രണത്തിനു വിരുദ്ധമായി ജീവനക്കാരെ നിയമിച്ചതു സംബന്ധിച്ച് എത്ര സംഘങ്ങളുടെ പേരിൽ അന്വേഷണം നടത്തുന്നുണ്ട്;

(ഡി) ഈ സർക്കാർ നിലവിൽവന്നശേഷം തിരുവനന്തപുരം ജില്ലയിലെ ആനാട്, കരകുളം സഹകരണ ബാങ്കുകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഇ) ഏതൊക്കെ തസ്തികകളിൽ എത്രപേരെ നിയമിച്ചുവെന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(എഫ്) അവർ ഇതുവരെ ശമ്പള ഇനത്തിൽ എന്തു തുകവീതം കൈപ്പറ്റിയിട്ടുണ്ട്.

(ജി) ഇവരെ നിയമിച്ചത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) അനധികൃത നിയമനം നടത്തിയ ബാങ്ക് അധികൃതരുടെ പേരിൽ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) 16 സഹകരണ സംഘങ്ങളുടെ പേരിൽ അന്വേഷണം നടത്തുന്നുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആനാട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ 10 പേരെയും കരകുളം സർവീസ് സഹകരണ ബാങ്കിൽ 8 പേരെയും നിയമിച്ചിട്ടുണ്ട്.

(ഇ) ആനാട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ ജൂനിയർ ക്ളാർക്ക്, ഡിപ്പോ മാനേജർ, പ്യൂൺ, സ്വീപ്പർ എന്നീ തസ്തികകളിൽ യഥാക്രമം രണ്ടു പേരെവീതവും ടൈപ്പിസ്റ്റ്, വാച്ചർ എന്നീ തസ്തികകളിൽ യഥാക്രമം ഒരാളെ വീതവും നിയമിച്ചിട്ടുണ്ട്. കരകുളം സർവീസ് സഹകരണ ബാങ്കിൽ സെയിൽസ്മാൻ തസ്തികയിൽ മൂന്ന് പേരെയും അറ്റൻഡർ, ശിപായി തസ്തികയിൽ യഥാക്രമം രണ്ടു പേരെവീതവും ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാളെയും നിയമിച്ചിട്ടുണ്ട്. ഇപ്രകാരം നിയമനം ലഭിച്ചവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

ആനാട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക്

1. ശ്രീ. പ്രഭാകരൻ - ജൂനിയർ ക്ളാർക്ക്
2. ശ്രീ. ടി.ഒ. മനു - ജൂനിയർ ക്ളാർക്ക്
3. ശ്രീ. എസ്.ഐ. സുനിൽ - ഡിപ്പോ മാനേജർ
4. ശ്രീ. ടി. പത്മകുമാർ - ഡിപ്പോ മാനേജർ
5. ശ്രീ. ഐ.എച്ച്. ഏഞ്ചല - ടൈപ്പിസ്റ്റ്
6. ശ്രീ. മധുസൂധനൻനായർ - വാച്ചർ
7. ശ്രീ. വി.വി. കോമളകുമാർ - പ്യൂൺ
8. ശ്രീ. എസ്. ഭുവനനേന്ദ്രൻനായർ - പ്യൂൺ
9. ശ്രീമതി എസ്. നജിമ - സ്വീപ്പർ
10. ശ്രീമതി എൽ. പ്രീത - സ്വീപ്പർ

കരകുളം സർവീസ് സഹകരണ ബാങ്ക്

1. ശ്രീ. ജി. സുരേഷ്കുമാർ - ടൈപ്പിസ്റ്റ്
2. ശ്രീ. എസ്.എസ്. സുരേഷ്കുമാർ - സെയിൽസ്മാൻ
3. ശ്രീമതി സുജകുമാരി - സെയിൽസ്മാൻ
4. ശ്രീമതി ബിന്ദുമോൾ - സെയിൽസ്മാൻ
5. ശ്രീ. ജയകുമാർ - അറ്റൻഡർ
6. ശ്രീ. ബിന്ദുകുമാർ - അറ്റൻഡർ
7. ശ്രീമതി പി. ജയകുമാരി - ശിപായി
8. ശ്രീ. കെ. ജയറാം - ശിപായി

884/2010.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആനാട് ഫാർമേഴ്സ് സഹകരണ ബാങ്കിലെ 10 പേർ ശമ്പളയിനത്തിൽ 5,78,193/- രൂപയും കരകുളം സർവീസ് സഹകരണ ബാങ്കിലെ 8 പേർ 1,60,546/- രൂപയും കൈപ്പറ്റിയിട്ടുണ്ട്.

(ജി) ഇവരുടെ നിയമനം സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല.

(എച്ച്) മേൽപ്രകാരമുള്ള അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് അനധികൃത നിയമനമാണെന്ന് തെളിഞ്ഞാൽ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).

II. അടിയന്തിരപ്രമേയം

മി. സ്പീക്കർ : ഓർഡർ, ഓർഡർ,..... റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. ശ്രീ.കെ.സി വേണുഗോപാൽ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ ഹരിപ്പാടിന് അടുത്ത പള്ളിപ്പാട് സതീഷ്കുമാറിന്റെ മരണം സംബന്ധിച്ചാണ് നോട്ടീസ് നൽകിയത്. ആ വിഷയം സംബന്ധിച്ച് ഹരിപ്പാട് എം.എൽ.എ ആയ പ്രൊഫസർ എ.വി താമരാക്ഷന്റെ ഒരു നോട്ടീസും ലഭിച്ചിട്ടുണ്ട്. സംഭവത്തിന്റെ പ്രാധാന്യം കുറച്ചു കാണാതെ തന്നെ ചെയർ ഇക്കാര്യം പരിശോധിച്ചു റൂൾ 50 ന്റെ സ്കോപ്പിൽ വരുന്ന ഒരു സംഗതി അല്ല ഇതെന്നാണ് മനസ്സിലായത്. റൂൾ 50 ആകുമ്പോൾ അതിന് അർജന്റ് പബ്ലിക്ക് ഇമ്പോർട്ടൻസ് ഉണ്ടാകണം. സ്പെസിഫിക് മാറ്റർ ആയിരിക്കണം, recent occurance- ഉം വേണം. ഇവയിലൊന്നും ഉൾപ്പെടാത്ത വിഷയമായതിനാൽ റൂൾ 50 അനുസരിച്ച് ഇത് ഉന്നയിക്കാൻ ചട്ടം അനുവദിക്കില്ല. എന്നിരുന്നാലും ഇതൊരു പ്രധാന വിഷയമായി ഉന്നയിക്കാൻ അവസരം നൽകാം.....(ബഹളം)..... മി. സ്പീക്കർ : അത് ഉന്നയിക്കാം.....അവസരം തരാം..... ബഹളം..... yes, ഒരു മാസത്തിന് മുൻപുണ്ടായ സംഭവമാണ്.....(ബഹളം)..... ഒരു മാസത്തിന് മുൻപുണ്ടായ സംഭവമാണ്.....(ബഹളം).....അത് ഉന്നയിക്കാം.....(ബഹളം).....ഉന്നയിക്കാമെന്ന് പറഞ്ഞല്ലോ. ഉന്നയിക്കാം. ഉന്നയിക്കാൻ അവസരം തരാം. പ്രധാന സബ്മിഷനായിട്ട് ഉന്നയിക്കാം. ഒരു മാസത്തിന് മുൻപുണ്ടായ സംഭവമാണ്..... (ബഹളം) പ്ലീസ്, പ്ലീസ്സ്.....(ബഹളം). ഒരു മാസത്തിനു മുൻപ് നടന്ന ഒരു സംഭവമാണ്.....ബഹളം..... ശ്രീ. ഇ.എം. അഗസ്തി..... ശ്രദ്ധക്ഷണിക്കൽ....

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ആളിനെ വഴിയിലിട്ട് ചവിട്ടി കൊല്ലുകയാണ്, അത് അവതരിപ്പിക്കണ്ടേ? പിന്നെ അടിയന്തിര പ്രമേയത്തിന്റെ പ്രാധാന്യമെന്താണ്?

മി. സ്പീക്കർ : Please hear me ശ്രീ. ഇ.എം. അഗസ്തി.....(ബഹളം).....

ശ്രീ. ജോണി നെല്ലൂർ : വഴിയിലിട്ട് ചവിട്ടി കൊല്ലുകയാണ്. അത് ചോദിക്കുവാനും പറയാനും ആൾ ഇല്ലേ?.....(ബഹളം).....

മി. സ്പീക്കർ : ശ്രീ. എം. അഗസ്തി.....(ബഹളം)..... ഉന്നയിക്കാമല്ലോ. ഒരു മാസത്തിനുമുൻപ് നടന്ന സംഭവമാണ്. ഒരുമാസത്തിനു

LIBRARY ARCHIVES Kerala Legislative Assembly